റഹ്മാൻ മധുരക്കുഴി

# പർദ ഒഴിവാക്കൂ; അൾസേഷൻ നായയിൽനിന്ന് രക്ഷപ്പെടൂ!

‘**സച്ചാർ** റിപ്പോർട്ടും മുസ്‌ലിം പിന്നാക്കാവസ്ഥയും’ എന്ന ശീർഷകത്തിൽ പ്രഫ. നഫീസത്ത് ബീവി *മാതൃഭൂമി* ദിനപത്രത്തിൽ എഴുതുന്നു: ‘ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു മുസ്‌ലിം കുട്ടിയോടും മറ്റു സമുദായത്തിലെ ഒരു കുട്ടിയോടും മാങ്ങയിലെ പുഴു എങ്ങനെയുണ്ടായി എന്ന് ചോദിച്ചാൽ മുസ്‌ലിം കുട്ടിക്ക് പൂജ്യം മാർക്കും മറ്റേ കുട്ടിക്ക് പത്ത് മാർക്കും കിട്ടും. അങ്ങനെ രണ്ടാം ക്ലാസ്സിലേക്കുള്ള ക്ലാസ് കയറ്റം മുസ്‌ലിം കുട്ടിക്ക് നിഷേധിക്കപ്പെടും. കാരണം മുസ്‌ലിം കുട്ടി പറഞ്ഞ ഉത്തരം സുലൈമാൻ നബിയുടെ മുത്തിൽനിന്ന് പുഴു മാങ്ങയിൽ കയറിയതാണ് എന്നായിരിക്കും. മറ്റേ കുട്ടിയുടെ ഉത്തരം, കണ്ണിമാങ്ങയിൽ കൊതുക്/ഈച്ച കുത്തുമ്പോൾ അകത്ത് കടന്ന അണുക്കൾ വളർന്ന് വലുതായി മാങ്ങ മുഴുവൻ വ്യാപിച്ചതാണെന്നായിരിക്കും. രണ്ടാമത്തെ കുട്ടി പരീക്ഷ പാസ്സായി ഉന്നത നിലയിൽ എത്തുമ്പോൾ ക്ലാസ് കയറ്റം കിട്ടാതെ മുസ്‌ലിം കുട്ടി പിന്തള്ളപ്പെടും. കാരണം മുസ്‌ലിം കുട്ടിയുടെ ഉമ്മക്കും ഉമ്മൂമ്മക്കും നൽകപ്പെട്ടിരിക്കുന്ന അറിവ് കുഞ്ഞിനും പകർന്നുകൊടുത്തിരിക്കുന്നുവെന്നതാണ്. ആ മുസ്‌ലിംകുട്ടി പിന്നാക്കാവസ്ഥയിലേക്കല്ലാതെ എങ്ങനെ മുന്നാക്കാവസ്ഥയിൽ എത്തിപ്പെടും?’

നഫീസത്ത് ബീവി തന്റെ ലേഖനത്തിലെ ആദ്യഭാഗത്ത് ചൂണ്ടിക്കാണിച്ച പോലെ, മുസ്‌ലിം സമൂഹം പിൽക്കാലത്ത് വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞു നിന്നുവെന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ സ്ഥിതിഗതികൾക്ക് ഗുണകരമായ മാറ്റം സംഭവിക്കുന്നുണ്ട്. ഇതര സമൂഹങ്ങൾക്കൊപ്പം കേരളത്തിലെ മുസ്‌ലിംകൾ വിദ്യാഭ്യാസരംഗത്ത് മുന്നേറിക്കൊണ്ടിരിക്കുന്ന വർത്തമാന കാലഘട്ടത്തിലും ഒന്നാംക്ലാസ്സിൽ പഠിക്കുന്ന മുസ്‌ലിം കുട്ടിയോട് മാങ്ങയിലെ പുഴു എങ്ങനെയുണ്ടായി എന്ന് ചോദിച്ചാൽ സുലൈമാൻ നബിയുടെ മുത്തിൽനിന്ന് പുഴു മാങ്ങയിൽ കയറിയതാണ് എന്നായിരിക്കും ആ കുട്ടി ഉത്തരം പറയുക എന്ന് തട്ടിവിടുന്നത് സംഭവലോക യാഥാർഥ്യങ്ങളെ നിഷേധിക്കുകയും മുസ്‌ലിം സമുദായത്തെ അവഹേളിക്കുകയും ചെയ്യുന്ന പ്രസ്താവനയായിപ്പോയി.

ഇന്ന് മുസ്‌ലിം കുട്ടികളും, ഇതര മതവിഭാഗങ്ങളിലെ കുട്ടികളും വിദ്യാലയങ്ങളിലെ ക്ലാസ്സുകളിൽ ഒന്നിച്ചിരുന്ന് ഒരേ സിലബസ്സിലെ പാഠഭാഗങ്ങൾ പഠിച്ച് പരീക്ഷയെഴുതുമ്പോൾ, ഇതര മത വിഭാഗത്തിലുള്ള കുട്ടികൾ നൽകുന്ന ഉത്തരങ്ങളിൽനിന്നും വ്യത്യസ്തമായ ഉത്തരങ്ങളായിരിക്കും അവർ നൽകുകയെന്നതും അക്കാരണത്താൽ അവർ ക്ലാസ്കയറ്റം കിട്ടാതെ പിന്തള്ളപ്പെട്ടുപോവുമെന്നും പറയുന്നത് അതിശയോക്തിപരവും ബാലിശവുമത്രെ. മുസ്‌ലിം പിന്നാക്കാവസ്ഥയെ അപഗ്രഥിക്കുമ്പോൾ നഫീസത്ത് ബീവിയെ പോലെ സമൂഹശ്രേണിയുടെ ഉന്നതിയിലുള്ളവർ ഇത്രയേറെ ബാലിശമായ വാദങ്ങൾ എഴുന്നള്ളിക്കുന്നത് വിചിത്രമായി തോന്നുന്നു.

മുസ്‌ലിം പിന്നാക്കാവസ്ഥയെക്കുറിച്ചുള്ള ചർച്ചയിൽ നഫീസത്ത് ബീവി പർദയെയും പിടികൂടുന്നു. ചീറിയടിക്കുന്ന മണൽക്കാറ്റിനെ തടയാൻ പറ്റുന്ന കട്ടിയുള്ള കൂട്ടിത്തയ്ച്ച വസ്ത്രം ധരിക്കണമെന്നത് മരുഭൂമിയിൽ ജനവാസമുണ്ടാവുകയും വസ്ത്രനിർമാണം ആരംഭിക്കുകയും ചെയ്ത കാലംമുതൽ അറബികൾ സ്വീകരിച്ചുപോരുന്നുവെന്നേയുള്ളൂവെന്നും ഈ വസ്ത്രരീതി എല്ലാവരും ധരിക്കണമെന്ന് ഖുർആൻ ആവശ്യപ്പെടുന്നില്ലെന്നുമാണ് അവരുടെ വാദം. എന്നാൽ ‘മഹത്തായ ഒരു തത്ത്വസംഹിതയുടെ ഉടമസ്ഥർ പർദധാരിണികളായതുകൊണ്ട് പർദ ആദരണീയ വസ്ത്രം തന്നെയാണെ’ന്നും അവർ സമ്മതിക്കുന്നു. സ്ത്രീ പുറത്തിറങ്ങുമ്പോൾ മുഖവും മുൻകൈയും ഒഴിച്ചുള്ള അവളുടെ ശരീരഭാഗങ്ങൾ മറച്ചിരിക്കണമെന്നാണ് ഖുർആൻ ആവശ്യപ്പെടുന്നത്. നഫീസത്ത് ബീവി വ്യക്തമാക്കിയതുപോലെ, മഹത്തായ ഒരു തത്ത്വസംഹിതയുടെ ഉടമസ്ഥർ പർദധാരിണികളാവാൻ കാരണം വിശുദ്ധ ഖുർആന്റെ ഈ അനുശാസനം തന്നെയാണ്.

മുസ്‌ലിം പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ പരതുമ്പോൾ അവിടെ പർദ കടന്നുവരുന്നത് അർഥശൂന്യമാണ്. സാമൂഹികപുരോഗതിക്കോ സ്ത്രീകളുടെ സാമൂഹികപദവിക്കോ ചരിത്രത്തിലെവിടെയും തടസ്സമാവാതിരുന്ന പർദക്ക് പിന്നാക്കാവസ്ഥയുമായി എന്ത് ബന്ധം? വിജ്ഞാനമാർജിക്കുന്നതിനോ ശാസ്ത്രീയ ഗവേഷണം നടത്തുന്നതിനോ യുദ്ധത്തിൽ പങ്കെടുക്കുന്നതിനോ ജീവിതത്തിന്റെ ബഹുമുഖ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നതിനോ മുസ്‌ലിം സ്ത്രീക്ക് പർദ തടസ്സമായി നിന്നതിന് ചരിത്രത്തിലെവിടെയും തെളിവുമുണ്ടോ? ഒട്ടകപ്പുറത്ത് കയറി ഉജ്ജ്വലമായി പ്രസംഗിച്ച് ജമൽ യുദ്ധത്തിന് നേതൃത്വം നൽകാൻ ഹിജാബ് നബിപത്നി ആഇശ(റ)ക്ക് തടസ്സമായില്ലെന്ന് ചരിത്രയാഥാർഥ്യം, നഫീസത്ത് ബീവിക്ക് അറിയില്ലെന്നോ!

റഷ്യൻ ചെമ്പടക്കെതിരെ പൊരുതാൻ അഫ്ഗാൻ വനിതകൾക്കും രിസാ ഷാ പഹ്‌ലവിയുടെ ദുർഭരണത്തിനെതിരെ പടക്കളത്തിലിറങ്ങാൻ ഇറാൻ സ്ത്രീകൾക്കും പർദ തടസ്സമായില്ലെന്ന ചരിത്രപാഠം പുരോഗമനവാദി ചമയുന്നവർ എന്തേ കാണാതെ പോവുന്നു?

‘പർദ ധരിച്ച ഒരു കുട്ടിയെയും ചുരിദാറോ മറ്റു വസ്ത്രങ്ങളോ ധരിച്ച മറ്റൊരു കുട്ടിയെയും ഒരു അൾസേഷ്യൻ നായ ഓടിക്കുകയാണെങ്കിൽ പർദയിട്ട കുട്ടിക്ക് കാല് വലിച്ച് ഓടാൻ സാധിക്കാത്തതിനാൽ വസ്ത്രത്തിൽ തട്ടി തടഞ്ഞു വീഴുകയും നായ കടിക്കുകയും ചെയ്യുമ്പോൾ മറ്റേ കുട്ടി ഓടി രക്ഷപ്പെടും’ എന്ന് എഴുതുന്ന ബീവി ‘ഇവിടെയും, മുസ്‌ലിം കുട്ടി പിന്നാക്കം തള്ളപ്പെടുക’യാണെന്ന് സമർഥിക്കാൻ ശ്രമിക്കുന്ന പ്രകടനം എന്തുമാത്രം പരിതാപകരമാണ്! ഇതു കേട്ടാൽ ലോകത്തെങ്ങുമുള്ള പർദധാരിണികൾ അൾസേഷ്യൻ നായ്ക്കളാൽ ഓടിക്കപ്പെടുകയും കടികൊള്ളുകയുമാണെന്ന് തോന്നും! പത്രങ്ങൾക്ക് ഇത്തരം ഒറ്റ റിപ്പോർട്ടും കിട്ടാത്തതുകൊണ്ടാവും!

പർദ അപകടകരമെന്നും ചുരിദാർ, സാരി തുടങ്ങിയവയാണ് അഭിലഷണീയമെന്നും വാദിക്കുന്നവരുടെ ശ്രദ്ധക്ക്: “സ്ത്രീലാവണ്യത്തിന്റെ വശ്യമായ കാഴ്ചകൾ ആവോളം ആസ്വദിക്കാൻ സാരിയേക്കാൾ ലാസ്യഭംഗിയുള്ള

വേറൊരു വസ്ത്രവും കണ്ടെത്താനാകില്ല. ലോകത്തിലെ ഏറ്റവും 'സെക്സി' (ലൈംഗികോദ്ദീപന) വസ്ത്രം ഒരുപക്ഷേ സാരിയായിരിക്കും – പിൻകഴുത്തും പുറവും ഇടുപ്പും വയറും എല്ലാം സമൃദ്ധമായി തുറന്നുകാട്ടുന്ന സാരിക്കും ബ്ലൗസിനും യാഥാസ്ഥിതികരും സനാതന വിശ്വാസികളും മറ്റും നൽകുന്ന മതപരമായ പവിത്രതക്ക് ഇപ്പോഴും മാറ്റമില്ലെന്നത് അത്ഭുതകരമാണ്" (ഡി. പ്രദീപ് കുമാർ, *മാതൃഭൂമി* ഓണപ്പതിപ്പ് ഒന്നാംഭാഗം 2002). " ഇത്രയധികം തുണി ശരീരത്തിൽ വലിച്ചുവാരി ചുറ്റിയിട്ടും സ്ത്രീ ശരീരത്തിലെ നഗ്നതയും വടിവുകളും ഏറ്റവുമധികം എടുത്തുകാണിക്കുന്നതാണ് കുലീനമെന്ന് പറയപ്പെടുന്ന ഈ വേഷം " (സി.ആർ. നീലകണ്ഠൻ നമ്പൂതിരി, Ibid).

"സ്ത്രീയുടെ മുഖ്യവസ്ത്രമായ സാരി, നൈറ്റി, ഉടുപ്പ് തുടങ്ങിയവ യാതൊരുവിധ വിലക്കുകളുമില്ലാതെ തന്നെ അവളുടെ ലിംഗാവയവത്തിലേക്ക് നേരിട്ടുള്ളൊരു കടന്നുകയറ്റത്തിന് വഴിയൊരുക്കുന്ന വിധത്തിലാണ്. വസ്ത്രത്തോട് കൂടിത്തന്നെ അവളുടെ ശരീരഭാഗങ്ങൾ വിവസ്ത്രമായി പുരുഷന് കണ്ടാസ്വദിക്കുന്നതിനും, അവളുടെ സ്വഭാവം ഒറ്റനോട്ടത്തിൽ മനസ്സിലാക്കുന്നതിനും അവളുടെ ചനലശേഷി കുറക്കുന്നതിനും ഉതകത്തക്ക വസ്ത്രങ്ങളാണ്" (വിനയ മാടക്കര, Ibid).

'ജീവിതത്തിൽ എന്നും ആഗ്രഹിച്ചിരുന്ന സുരക്ഷിതത്വം പർദക്കുള്ളിലാണ് ലഭിക്കുന്നതെ'ന്ന കമലാ സുറയ്യയുടെയും (*മാതൃഭൂമി* വാരാന്തപ്പതിപ്പ് 2002 ജൂലൈ 9) 'ഒരു കുടുംബത്തിന്റെ സൽപേരും മാന്യതയും കാത്തുസൂക്ഷിക്കാനും രക്ഷിക്കാനുമുള്ള ഉപാധികളായ ശാലീനതയോടും സ്വാഭിമാനത്തോടും ബന്ധപ്പെട്ടതാണ് പർദ' (*ഹമാരി മുശ്കിലാത്ത്* എന്ന ഗ്രന്ഥത്തിൽ) ചാന്ദ് റാണിയുടെയും 'പൊതുവേദികളിൽ പുരുഷന് ശ്രദ്ധയുടെ വ്യതിചലനമുണ്ടാവാതിരിക്കാൻ പർദ സഹായിക്കും. സ്ത്രീകൾ അൽപവസ്ത്രം ധരിച്ച് പ്രത്യക്ഷപ്പെടുമ്പോൾ പുരുഷന്മാരുടെ ശ്രദ്ധ മാറുകയും മാനസികനിലയിൽ വ്യത്യാസം വരികയും അത് അവരുടെ ചിന്തയെ ബാധിക്കുകയും ചെയ്യും' (സുറയ്യയുടെ പർദ. *ശബാബ്* വാരിക 2000 മെയ് 5) എന്ന ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും വീക്ഷണങ്ങളെക്കുറിച്ച് നഫീസത്ത് ബീവി എന്തു പറയുന്നു?

'ലോകത്തിലെ ഏറ്റവും വൃത്തികെട്ട വസ്ത്രമാണ് കേരളീയരുടെ പരമ്പരാഗത വസ്ത്രമായ സാരി. ശരീരത്തിലെ ചില പ്രത്യേക ഭാഗങ്ങൾ എക്സ്പോസ് ചെയ്ത് കാണിക്കുന്നതാണ് ഈ വസ്ത്രം' എന്നാണ് നഫീസത്ത് ബീവിമാരുടെ ഇഷ്ടവസ്ത്രമായ സാരിയെക്കുറിച്ച് കെ.പി. ജോഷിമോൻ പറയുന്നത് (*മലയാള മനോരമ* 9.2.2004).

സ്ത്രീപീഡനത്തിന്റെയും ലൈംഗിക കുറ്റകൃത്യങ്ങളുടെയും ഗ്രാഫ് കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് സ്ത്രീക്ക് കൊത്തിവലിക്കുന്ന കണ്ണുകളിൽനിന്നും ലൈംഗിക കൈയേറ്റങ്ങളിൽനിന്നും സുരക്ഷനൽകാൻ അവളുടെ ശരീരത്തിലെ ചില പ്രത്യേക ഭാഗങ്ങൾ 'എക്സ്പോസ്' ചെയ്ത് കാണിക്കുന്ന വസ്ത്രങ്ങളേക്കാൾ ഭേദം, 'അൾസേഷ്യൻ നായ്ക്കളുടെ കടിയേൽക്കുന്ന' പർദതന്നെയല്ലേ? ■